## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. T 2152**
**18.07.2016-ന് മറുപടിയ്ക്ക്**

### കോഴിക്കോട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പി.എസ്.സിയുടെ കോഴിക്കോട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ 74-ാം റാങ്ക് ലഭിച്ച ഗ്രീഷ്മ.കെ എന്ന ഉദ്യോഗാർത്ഥിക്ക് വി.എച്ച്.എസ്.ഇ യിലേക്ക് നിയമന ശിപാർശ നൽകിയിരുന്നുവെങ്കിലും ഇതുവരെയും നിയമനം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വി.എച്ച്.എസ്.ഇ ഓഫീസിൽ സംഭവിച്ച പിശകാണ് ഈ അനിശ്ചിതത്വത്തിന് കാരണമെന്നത് പരിഗണിച്ച്, പ്രസ്തുത നിയമനം നൽകുന്നതിന് സത്വര നടപടി സ്വീകരിയ്ക്കുമോ എന്ന് വിശദമാക്കാമോ; | (ബി) ഒരു ഒഴിവ് അധികമായി റിപ്പോർട്ട് ചെയ്ത സാഹചര്യത്താലാണ് ശ്രീമതി. ഗ്രീഷ്മ.കെയ്ക്ക് നിയമനം നൽകുന്നതിന് കാലതാമസം നേരിട്ടത്. പ്രസ്തുത നിയമനം നൽകുന്നതിന് സത്വര നടപടി വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ഉദ്യോഗാർത്ഥിയേക്കാൾ താഴ്ന്ന റാങ്കുള്ള നാൽപതോളം പേർക്ക് നിയമനം ലഭിച്ചുകഴിഞ്ഞു എന്ന വസ്തുത പരിഗണിച്ച് കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാവുമോ? | (സി) കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ